LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം കേന്ദ്രങ്ങളിലെ അനധികൃത ആയുർവേദ ചികിൽസ നിയന്ത്രിക്കാൻ നടപടി

20 [*224] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :

„ പിരപ്പൻകോട് മുരളി :

„ രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അനധികൃത ആയുർവേദ ചികിൽസയും മസാജ് പാർലറുകളും നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ആയുർവേദ വിധിക്ക് നിരക്കാത്ത രീതിയിൽ നിലവാരം കുറഞ്ഞ ചികിൽസാവിധി നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം ടൂറിസം കേന്ദ്രങ്ങളെ നിയന്ത്രിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം നിലയിൽ നിയന്ത്രിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) വേണ്ടത്ര യോഗ്യതയും സേവനനിലവാരവുമുള്ള കേന്ദ്രങ്ങളെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകാരം നൽകാൻ ടൂറിസം വകുപ്പിന് പരിപാടിയുണ്ട്. ഇത്തരം ഗുണനിലവാരമുള്ള സ്ഥാപനങ്ങളെ സഞ്ചാരികൾക്കിടയിൽ പ്രചരിപ്പിക്കാൻ വേണ്ട നടപടി ടൂറിസം വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. അനധികൃത കേന്ദ്രങ്ങളുടെ പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നിയന്ത്രിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ആയുർവേദ കേന്ദ്രങ്ങളുടെ പ്രവർത്തനം നിയന്ത്രണവിധേയമാക്കുന്നതിനായി സമഗ്രമായ നിയമനിർമ്മാണം നടത്താനും സർക്കാരിന് ഉദ്ദേശമുണ്ട്.

വിനോദ സഞ്ചാര മേഖലയിലെ വിദേശ നിക്ഷേപ പദ്ധതി

21 [*225] ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വിനോദസഞ്ചാര മേഖല വിദേശ നിക്ഷേപകർക്ക് തുറന്നു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി ഏതെങ്കിലും സ്ഥലങ്ങളിൽ പ്രത്യേക ടൂറിസം സാമ്പത്തിക മേഖല സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ എന്ന് വ്യക്തമാക്കുമോ ;